# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

12.07.2012 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6698.

## വനാന്തരങ്ങളിലെ നദികളിൽ തടയണ നിർമ്മാണം

<table>
<tr><td><u>ചോദ്യം</u><br>ശ്രീ. സി.പി മുഹമ്മദ്<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വർക്കല കഹാർ</td><td><u>ഉത്തരം</u><br><br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)</td></tr>
<tr><td>എ) വനങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണവും മൃഗസംരക്ഷണവും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;</td><td>(എ) ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും വന്യമൃഗസംരക്ഷണത്തിനും ഉതകുന്ന പ്രവൃത്തികളാണ് വർക്കിംഗ് പ്ലാനുകളിലും മാനേജ്മെന്റ് പ്ലാനുകളിലും ഉൾക്കൊള്ളിച്ച് അംഗീകരിച്ച് നടപ്പാക്കുന്നത്. വനം വന്യജീവി നിയമങ്ങൾ നടപ്പാക്കി വന്യമൃഗ സംരക്ഷണവും ജൈവവൈവിദ്ധ്യ സംരക്ഷണവും നിർവ്വഹിക്കുന്നുണ്ട്. വനങ്ങളിലെ ജൈവ വൈവിദ്ധ്യ സംരക്ഷണം മുൻനിർത്തി ജൈവവൈവിദ്ധ്യ പ്രാധാന്യമേറിയ പ്രദേശങ്ങളിൽ സംരക്ഷിത പ്രദേശങ്ങൾ സൃഷ്ടിച്ച് പ്രത്യേക സംരക്ഷണം ഉറപ്പ് വരുത്തുന്നുണ്ട്. അതിനായി സംസ്ഥാനത്ത് 15 സംരക്ഷണ കേന്ദ്രങ്ങളും 2 കടുവാ സംരക്ഷണ കേന്ദ്രങ്ങളും 5 ദേശീയോദ്യാനങ്ങളും രൂപീകരിച്ചിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങളിൽ ജനങ്ങളുടെ വനാശ്രിതത്വം പരമാവധി കുറച്ചുകൊണ്ട് ജനങ്ങളുടെ പങ്കാളിത്തത്തോടെ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കുറ്റകൃത്യങ്ങൾ നടക്കാൻ കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്യുന്നുണ്ട്. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെൽ സംവിധാനം നിലവിലുണ്ട്. അഗ്നി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനു പുറമെ സംരക്ഷിത മേഖലകൾക്ക് പുറത്തുള്ള വനപ്രദേശങ്ങളിലെ ജൈവ പ്രാധാന്യമേറിയ പ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് പ്രത്യേകം നടപടികൾ സ്വീകരിക്കുന്നുണ്ട്.</td></tr>
</table>

........2

(ബി) ഇതിനായി വനാന്തരങ്ങളിലെ നദികളിൽ കൂടുതൽ തടയണകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

**(ബി) യും (സി) യും** - ഉണ്ട്. കൂടുതൽ തടയണകൾ നിർമ്മിക്കുവാൻ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡന്മാർക്കും ഇതിനകം നിർദ്ദേശം നൽകുകയും ഈ വർഷത്തെ പദ്ധതികളിൽ ഇതിനുള്ള വക ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. 50 ചെക്ക് ഡാമുകളുടെ നിർമ്മാണം സർക്കാരിന്റെ ഒരു വർഷ കർമ്മ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടത്തുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ.